**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5900** — **19.11.2019 ൽ മറുപടിക്ക്**

## ഇൻകെൽ എം.ഡി.യുടെ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. അൻവർ സാദത്ത് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | തോട്ടണ്ടി ഇടപാടിൽ അഴിമതി അന്വേഷണം നേരിടുന്ന വ്യക്തിയെ ഇൻകെൽ എം.ഡി.യായി നിയമിച്ച നടപടി വ്യവസായവകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ആയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പിൻ കീഴിലെ എറണാകുളം ജില്ലയിൽ കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന KIED എന്ന സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. കെ.എ രതീഷിനെ 25.10.2019 ലെ G.O.(Rt) No. 1073/2019/ID ഉത്തരവ് പ്രകാരം ഇൻകെൽ എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി, പ്രസ്തുത സ്ഥാപനത്തിന്റെ ആർട്ടിക്കിള്സ് ഓഫ് അസ്സോസ്സിയേഷനിലെ 70, 99(1) എന്നീ ആർട്ടിക്കിളുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനം സർക്കാരിന്റെ അഴിമതിവിരുദ്ധ നിലപാടിനോട് ചേർന്നുപോകുന്നതാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ശക്തമായ അഴിമതി വിരുദ്ധ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. |
| (സി) | പ്രസ്തുത വ്യക്തിയെ ഇൻകെൽ എം.ഡി.യായി നിയമിച്ച നടപടി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | എം.ഡി യുടെ നിയമനം പിൻവലിക്കേണ്ട ഒരു സാഹചര്യവും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**